നം. CEE/5500/2017/ KEAM -2018/ TA.1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## KEAM -2018

## പുതുതായി ഉൾപ്പെടുത്തുന്ന ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ ഡെന്റൽ കോളേജുകളിലെ ന്യൂനപക്ഷ (മൈനോറിറ്റി) ക്വാട്ടയിലേയ്ക്കുള്ള പ്രവേശനം വിദ്യാർത്ഥികളിൽ നിന്നും ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റുകൾ ക്ഷണിച്ചു

11.07.2018 ലെ സ.ഉ. നം. (സാധാ) 2236/2018/ആ.കു.വ എന്ന സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച് ലഭ്യമാക്കിയിട്ടുള്ള കോഴിക്കോട് മുക്കം കെ.എം.സി.റ്റി മെഡിക്കൽ കോളേജ് എന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിലെയും ഇടുക്കി തൊടുപുഴ അൽ അസ്ഹർ ദന്തൽ കോളേജ് എന്ന സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജിലെയും സീറ്റ് ഘടന അനുസരിച്ച് നിശ്ചിത എണ്ണം സീറ്റുകൾ മുസ്ലീം സമുദായത്തിൽപ്പെട്ട കേരളത്തിലെ വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുണ്ട്. നേരത്തേ ഈ കോളേജുകളിലെ സീറ്റ് ഘടനയും, ന്യൂനപക്ഷ സമുദായ മാനദണ്ഡങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ലഭ്യമായിട്ടില്ലാതിരുന്നതിനാൽ ഇവയിലെ ന്യൂനപക്ഷ ക്വാട്ടയിലേയ്ക്ക് അപേക്ഷകൾ മറ്റ് കോളേജുകളോടൊപ്പം ക്ഷണിച്ചിരുന്നില്ല. പ്രസ്തുത സീറ്റുകളിലേയ്ക്ക് കോളേജ് മാനേജ്മെന്റ് പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റിന്റെയും, മൈനോറിറ്റി മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രവേശനം നൽകുന്നതാണ്.

മേൽപ്പറഞ്ഞ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം തേടുന്ന കേരള മുസ്ലീം വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2018-Candidate Portal'** എന്ന ലിങ്കിലൂടെ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Minority Quota'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് വെബ്സൈറ്റിൽ നിഷ്കർഷിച്ചിരിക്കുന്ന രീതിയിൽ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

2018-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർ ഇതിനോടകം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള മുസ്ലീം മൈനോറിറ്റി (**MM**) കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളെ തൊടുപുഴ അൽ-അസ്ഹർ ദന്തൽ കോളേജിലെ പ്രവേശനത്തിനുള്ള മുസ്ലീം മൈനോറിറ്റി കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ്. ഇവർ ഈ കോളേജിലെ കേരള മുസ്ലീം മൈനോറിറ്റി കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി വില്ലേജ് ഓഫീസറിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് വീണ്ടും അപ്ലോഡ് ചെയ്യേണ്ടതില്ല.

കോഴിക്കോട് മുക്കം കെ.എം.സി.റ്റി മെഡിക്കൽ കോളേജിലെ മൈനോറിറ്റി ക്വാട്ട പ്രവേശനത്തിന് ബോണ്ട് വ്യവസ്ഥ ബാധകമായതിനാൽ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനത്തിനുള്ള മുസ്ലീം മൈനോറിറ്റി (**MM**) കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് കെ.എം.സി.റ്റി മെഡിക്കൽ കോളേജിലെ മൈനോറിറ്റി ക്വാട്ടയിലേയ്ക്ക് താത്പര്യമുള്ള പക്ഷം അതിനുള്ള സമ്മതം മേൽ വെബ് പേജിലൂടെ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്. ബോണ്ട് വ്യവസ്ഥ അംഗീകരിച്ചുകൊണ്ട് വെബ്പേജിലൂടെ സമ്മതം അറിയിക്കുന്ന വിദ്യാർത്ഥികളെ ഈ കോളേജിലേയ്ക്കുള്ള മൈനോറിറ്റി ക്വാട്ട കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ്. ഇവർ ഈ കോളേജിലെ കേരള മുസ്ലീം മൈനോറിറ്റി കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി വില്ലേജ് ഓഫീസറിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് വീണ്ടും അപ്ലോഡ് ചെയ്യേണ്ടതില്ല. എന്നാൽ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനത്തിനുള്ള മുസ്ലീം മൈനോറിറ്റി (**MM**) കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് മേൽപ്പറഞ്ഞ കോളേജുകളിലെ മൈനോറിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് താത്പര്യമുള്ള പക്ഷം അവർ വില്ലേജ് ഓഫീസറിൽ നിന്നും സമുദായം സാക്ഷ്യപ്പെടുത്തി വാങ്ങിയ ശേഷം പ്രസ്തുത സർട്ടിഫിക്കറ്റ് വെബ്പേജിലെ നിർദ്ദിഷ്ട ലിങ്കിലൂടെ **17.07.2018 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി അപ്ലോഡ് ചെയ്യേണ്ടതാണ്. മേൽപ്പറഞ്ഞ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ രേഖകൾ ഒന്നുംതന്നെ തപാൽ വഴി അയയ്ക്കാൻ പാടില്ല.

മേൽപ്പറഞ്ഞ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളുടെ ലഭ്യത, ന്യൂനപക്ഷ സമുദായം സംബന്ധിച്ച വിവരങ്ങൾ, പ്രസ്തുത സീറ്റുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ, സമർപ്പിക്കേണ്ടുന്ന രേഖകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in**, **www.cee-kerala.org** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

നിർദ്ദിഷ്ട രീതിയിൽ നിശ്ചിത സമയത്തിനകം അപേക്ഷകൾ സമർപ്പിക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി താത്കാലിക കാറ്റഗറി ലിസ്റ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. താത്കാലിക കാറ്റഗറി ലിസ്റ്റുകൾ സംബന്ധിച്ച ആക്ഷേപങ്ങൾ ക്ഷണിച്ച് അവ പരിഗണിച്ച ശേഷം അന്തിമ കാറ്റഗറി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതും പ്രസ്തുത സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് നടത്തുന്നതുമാണ്.

റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. അപാകതകൾ ഉള്ളതും അപൂർണ്ണവുമായ സർട്ടിഫിക്കറ്റുകൾ പരിഗണിക്കുന്നതല്ല. സർട്ടിഫിക്കറ്റുകൾ/രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപ്‌ലോഡ് ചെയ്യുന്നതിനു മുൻപായി സമുദായ സർട്ടിഫിക്കറ്റുകൾ പൂർണ്ണവും, അപാകതകൾ ഇല്ലാത്തതുമാണെന്നും, ബന്ധപ്പെട്ട അധികാരികളുടെ ഒപ്പ്, സീൽ എന്നിവ പതിച്ചിട്ടുണ്ടെന്നും വിദ്യാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

**<u>കുറിപ്പ്</u>**: റവന്യൂ അധികാരികളിൽ നിന്നുള്ള സമുദായ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുസ്ലീം മൈനോറിറ്റി ക്വാട്ടയിൽ പ്രവേശനം സാധ്യമാകുന്ന ന്യൂനപക്ഷ മെഡിക്കൽ/ദന്തൽ കോളേജുകൾ ഭാവിയിൽ ഉൾപ്പെടുത്തുന്ന പക്ഷം അവയിലെ ന്യൂനപക്ഷ ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്നതും 2018-ലെ എം.ബി.ബി.എസ്/ ബി.ഡി.എസ് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർ ഇതിനോടകം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള മുസ്ലീം മൈനോറിറ്റി (**MM**) കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ വിദ്യാർത്ഥികളും ഇപ്പോൾ വില്ലേജ് ഓഫീസറിൽ നിന്നുള്ള സമുദായ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>**: മേൽപ്പറഞ്ഞ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും മെഡിക്കൽ & അനുബന്ധ കോഴ്സുകളിലെ രണ്ടാം ഘട്ട അലോട്ട്മെന്റിന് മുൻപായുള്ള ഓപ്ഷൻ രജിസ്ട്രേഷൻ സമയത്ത് ഈ കോളേജുകളിൽ മറ്റു വിദ്യാർത്ഥികളെപ്പോലെ ഓപ്ഷനുകൾ നൽകിയിരിക്കണം. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ അവർ ന്യൂനപക്ഷ വിഭാഗം കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പോലും അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

**Help Line Numbers: 0471 2339101, 2339102, 2339103, 2339104, 2332123**

Santhosh Kumar

തിരുവനന്തപുരം
13.07.2018

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**

# Annexure

| SlNo | Category Code | Category | Criteria of Eligibility | Authority to issue Community Certificate | Applicable Colleges |
|---|---|---|---|---|---|
| 1 | **MK** | Muslim Candidates from Kerala | All Muslim candidates who are native of Kerala. *Candidates should execute bond to serve one year in KMCT medical college immediately on the successful completion of the course* | Community Certificate issued by Revenue Officials | KMCT Medical College, Mukkom, Kozhikkode (**KCM**) |
| 2 | **MS** | Muslim Candidates from Kerala | All Muslim candidates who are native of kerala. | Community Certificate issued by Revenue Officials | Al-Azhar Dental College, Thodupuzha, Idukki (**AAD**) |